# പതിനാലാംകേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3176 — 11-05-2017 ലെ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉണ്ണി | ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി |

## തനത് വരുമാനം

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | 2016-17 സാമ്പത്തിക വർഷത്തിലെ തനത് വരുമാനം എത്രയായിരുന്നു; പ്രതീക്ഷിച്ച വരുമാനം എത്ര; | 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രകാരം വിവിധ സോത്രസ്സുകളിൽ നിന്നും പ്രതീക്ഷിച്ച വരുമാനവും അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31 വരെ ഓരോ ഇനത്തിലും ലഭിച്ച തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു: |
| (ബി) | തനത് വരുമാനം വർദ്ധിച്ചുവോ; എങ്കിൽ എത്ര; വിശദാംശം നൽകാമോ; | |
| (സി) | 2016-17 വർഷത്തിലെ സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം പ്രതീക്ഷിച്ചത് എത്ര; ലഭിച്ചത് എത്ര; | |
| (ഡി) | കേന്ദ്ര നികുതി വിഹിതം, കേന്ദ്ര ധനസഹായം എന്നിവയിൽ പ്രതീക്ഷിച്ചതെത്ര; ലഭിച്ചതെത്ര; വിശദമാക്കാമോ; | |

*(തുക കോടിയിൽ)*

| | 2016-17-ൽ പ്രതീക്ഷിച്ചത് | 2016 ഡിസംബർ 31 വരെ ലഭിച്ചത് |
|---|---|---|
| സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം | 47613.61 | 30214.66 |
| സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം | 11359.52 | 5277.54 |
| കേന്ദ്ര നികുതി വിഹിതം | 14282.00 | 9567.59 |
| കേന്ദ്ര ധനസഹായം | 11361.72 | 5347.70 |

2016 ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 10.03% വളർച്ച നേടുവാൻ കഴിഞ്ഞു.

| | ചോദ്യം | മറുപടി |
|---|---|---|
| (ഇ) | 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ തനത് വരുമാനം എത്രയാവും എന്നാണ് പ്രതീക്ഷിക്കുന്നത്; തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ തനത് വരുമാനമായി 65449.28 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്തിന്റെ റവന്യൂ സമാഹരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടു വരിക, റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നികുതി പിരിവ് യജ്ഞം നടത്തുക, റവന്യൂ റിക്കവറി നടപടികളുടെ വേഗത വർദ്ധിപ്പിക്കുക, അഴിമതി നിർമ്മാർജ്ജനം ചെയ്യുക, നികുതി വകുപ്പിലെ ഇന്റേണൽ ഓഡിറ്റ് |

| | | |
|---|---|---|
| | | സംവിധാനം ശക്തിപ്പെടുത്തുക, നികുതി വകുപ്പുകളുടെ സാങ്കേതിക നവീകരണം നടപ്പിലാക്കുക, നികുതി നിയമങ്ങളെക്കുറിച്ചുള്ള ഉപഭോക്തൃ അവബോധം വർദ്ധിപ്പിക്കുക, വ്യാപാരി സൗഹൃദ സമീപനം നടപ്പിലാക്കുക, നികുതി നിരക്കുകൾ യുക്തിസഹമാക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനു പുറമെ ജി.എസ്.റ്റി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നികുതിയിനത്തിൽ കൂടുതൽ വരുമാനവും പ്രതീക്ഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ